(ബി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കെട്ടിട നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാനാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ ബാര വില്ലേജിൽപ്പെട്ടതും ശ്രീ. കല്ലട മാഹിൻ ഹാജി എന്നയാളുടെ കൈവശമുള്ളതുമായ മുപ്പത് സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ബേക്കൽ ഡസ്റ്റിനേഷന്റെ പരിധിയിൽ വരുന്നതും, കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയേയും നാഷണൽ ഹൈവേയേയും തമ്മിൽ ബന്ധിപ്പിക്കുന്നതുമായ ചട്ടഞ്ചാൽ-കളനാട് പി.ഡബ്ല്യു.ഡി. റോഡിൽ മാങ്ങാട് ജംഗ്ഷനിൽ നിന്ന് മാങ്ങാട്-മുല്ലശ്ശേരി റോഡിൽ 600 മീറ്റർ മാറിയാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഉണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായി ബേക്കൽ റിസോർട്ട്സ് ആന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (BRDC) ഏൽപ്പിച്ചിട്ടുണ്ട്. 65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ എടുത്തുവരുന്നു.

(സി) എത്രയും പെട്ടെന്നുതന്നെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയും വാർഡ് വിഭജനവും

98 (4721) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരാൻ പോകുന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയും വാർഡ് വിഭജനവും അശാസ്ത്രീയവും വ്യാപകമായി ക്രമക്കേടുകൾ നിറഞ്ഞതാണെന്നതും സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) വോട്ടർ പട്ടികയിലേയും വാർഡ് വിഭജനത്തിലേയും ക്രമക്കേടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് ഇതുവരെ എത്ര പരാതികൾ ലഭിച്ചു ; എത്ര എണ്ണം തീർപ്പ് കൽപ്പിച്ചു ;

(ഡി) ഈ ആക്ഷേപങ്ങൾ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയോജകമണ്ഡലങ്ങളായി വിഭജിക്കുന്നതിനും അപ്രകാരമുള്ള നിയോജക

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനുമുള്ള പൂർണ്ണമായ അധികാരം സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷനിലും, വോട്ടർ പട്ടിക തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിലും നിക്ഷിപ്തമാണ്.

(ബി) സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളുടേയും 47 മുനിസിപ്പാലിറ്റികളുടെയും 3 കോർപ്പറേഷനുകളുടെയും വാർഡ് വിഭജനം സംബന്ധിച്ച് സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷനും സംസ്ഥാന ഇലക്ഷൻ കമ്മീഷനും ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും ജില്ലാ കേന്ദ്രങ്ങളിൽ വച്ച് പരാതിക്കാരെ കമ്മീഷൻ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമ വ്യവസ്ഥകൾ പ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തി 971 ഗ്രാമ പഞ്ചായത്തുകളുടേയും 47 മുനിസിപ്പാലിറ്റികളുടെയും 3 മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അന്തിമ വാർഡ് വിഭജന ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 5886 പരാതികൾ സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷന് ലഭിക്കുകയും അവയിൽ 5884 എണ്ണം തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 147 പരാതികൾ സംസ്ഥാന ഇലക്ഷൻ കമ്മീഷന് ലഭിക്കുകയും അവ ആവശ്യമായ നിർദ്ദേശങ്ങളോടെ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. ഇവയിൽ പല പരാതികളും പരിഹരിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതായി ഇലക്ഷൻ കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഭരണഘടനാ സ്ഥാപനമാണ്. ഇലക്ഷൻ പരാതികൾ പരിഹരിക്കുന്നതിന് വ്യക്തമായ നിയമവ്യവസ്ഥകൾ കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും ഉണ്ട്. തിരഞ്ഞെടുപ്പിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം പരിഗണനയിലില്ല.

ബ്ലോക്കുകളുടെ പുനർവിഭജനം

99 (4722) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികസന ബ്ലോക്കുകളുടെ പുനർവിഭജനം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾ ഏതൊക്കെ ബ്ലോക്കിലാണെന്നും ഏതൊക്കെ ബ്ലോക്കുകൾ ഏതേത് നിയമസഭാ മണ്ഡലങ്ങളിലും ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബ്ലോക്കുകളുടെ പുനർ വിഭജനത്തിന് സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly